# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2613 09.03.2017 ൽ മറുപടിക്ക്**

## ജലസംരക്ഷണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ: | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | നിലവിലുള്ള ജലസ്രോതസ്സുകളായ നീർച്ചാലുകൾ, അരുവികൾ എന്നിവ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | സംസ്ഥാനത്തെ ജലസ്രോതസുകളായ നീർചാലുകൾ, അരുവികൾ എന്നിവ സംരക്ഷിക്കുന്നതിനായി തടയണ നിർമ്മാണം, ജലസ്രോതസുകളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജല സേചന വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | ജലസംരക്ഷണവുമായി ബന്ധപ്പെട്ട മുൻ സർക്കാരിന്റെ എന്തെല്ലാം പദ്ധതികൾ നിലവിൽ ഒഴിവാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ ജലസംരക്ഷണത്തിനായി ഒരു പഞ്ചായത്തിലെ ഒരു കുളം പുനരുദ്ധരിക്കാൻ വേണ്ട നടപടിയെടുക്കണമെന്നും 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 700 തടയണകളുടെ നിർമ്മാണം ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ മേൽ പ്രഖ്യാപന പ്രകാരം അനുമതി ലഭിച്ച പ്രവർത്തികൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നിലവിലില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജലസംരക്ഷണ വുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് ഹരിത കേരള മിഷൻ എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത |

കേരള മിഷനിൽ ഉൾപ്പെട്ട ജലവിഭവ മിഷൻ ലക്ഷ്യമിടുന്നത്. കുളങ്ങളും തോടുകളും പരിസ്ഥിതി സൗഹാർദ്ദ പരിപാടികളിലൂടെ വൃത്തിയാക്കി പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

നദികളിലെ ജലസാന്നിദ്ധ്യം ഉറപ്പാക്കുവാൻ പര്യാപ്തമാവുന്ന തരത്തിൽ റഗുലേറ്ററുകൾ പണിയുന്നതിന് 2017-18 സാമ്പത്തിക വർഷം 600.0 കോടി രൂപ ചിലവഴിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ